പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി (വിഭാഗം)
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ
തിരുവനന്തപുരം- 695001
ഫോൺ:- 0471-2325323
e-mail: dirvhse.dge@kerala.gov.in

ഇ 7/2647/2022

തീയതി 08/11/2022

# പരിപത്രം

വിഷയം:-പൊതുവിദ്യാഭ്യാസം-വി.എച്ച്.എസ്-ജീവനക്കാര്യം-ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ 2022-23 വർഷത്തെ പൊതു സ്ഥലംമാറ്റം പ്രൊവിഷണൽ ലിസ്റ്റ് (റിവൈസ്ഡ്) പ്രസിദ്ധീകരിക്കുന്നത് – സംബന്ധിച്ച്-

സൂചന:- 1. 29-06-2021 തീയതിയിലെ സ.ഉ (കൈ) നം. 152/2021/പൊ.വി.വ.
2. 24-12-2021 തീയതിയിലെ സ.ഉ (കൈ) നം. 288/2021/ പൊ.വി.വ.
3. 18-03-2022 തീയതിയിലെ GEDN- U1/107/2022 – GEDN നമ്പർ സർക്കാർ കത്ത്.
4. 12/10/2022 ലെ ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ.

സൂചനകളിലെ സർക്കാർ ഉത്തരവിനും സർക്കാർ കത്തിനും വിധേയമായി 2022-23 വർഷത്തേയ്ക്കുള്ള ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ പൊതുസ്ഥലംമാറ്റത്തിന്റെ പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് (റിവൈസ്ഡ്), പ്രൊവിഷണൽ ട്രാൻസ്ഫർ ലിസ്റ്റ് (റിവൈസ്ഡ്), അനുകമ്പാർഹ സ്ഥലംമാറ്റത്തിന്റെ പ്രൊവിഷണൽ ട്രാൻസ്ഫർ ലിസ്റ്റ് എന്നിവ ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

2. പ്രിൻസിപ്പൽമാർ അപ്ഡേറ്റ് ചെയ്തിട്ടുള്ള Advice/Appointment/മറ്റ് വിവരങ്ങൾ അനുസരിച്ചാണ് ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ Total service length/outstation service length എന്നിവ കണക്കാക്കിയിരിക്കുന്നത്. സർവ്വീസ് വിശദാംശങ്ങളിൽ അപാകതകൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം (ആയത് സംബന്ധിച്ച ബന്ധപ്പെട്ട ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെയും, പ്രിൻസിപ്പലിന്റെയും വിശദീകരണം ഉൾപ്പെടെ) ശരിയായ വിവരങ്ങൾ അനുബന്ധരേഖകൾ സഹിതം സ്കാൻ ചെയ്ത് ഇതോടൊപ്പം ചേർത്തിട്ടുള്ള ഇ-മെയിൽ അഡ്രസ്സിൽ 10/11/2022 വൈകുന്നേരം 3 മണിക്ക് മുമ്പായി അറിയിക്കേണ്ടതാണ്.

3. 31-05-2022 ന് ജില്ലയിൽ മൂന്ന് വർഷം സേവനം പൂർത്തിയാക്കിയ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ തസ്തിക ഓപ്പൺ വേക്കൻസിയായിട്ടാണ് പരിഗണിച്ചിട്ടുള്ളത്. പഠിച്ച കോഴ്സിൽ അല്ലാതെ മുൻപ് സ്ഥലംമാറ്റം ലഭിച്ച ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ തസിതികകളെല്ലാം സേവനകാലയളവ് കണക്കാക്കാതെ ഓപ്പൺ വേക്കൻസി ആയാണ് പരിഗണിച്ചിട്ടുള്ളത്.

4. തെറ്റായ വിവരം നൽകി മുൻഗണനാ വിഭാഗത്തിൽ പ്രൊവിഷണൽ ട്രാൻസ്ഫർ ലിസ്റ്റിൽ ഉൾപ്പെടുന്ന പക്ഷം അത്തരം ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതും ലഭിച്ച പൊതുസ്ഥലംമാറ്റം റദ്ദ് ചെയ്ത് പിന്നീടുള്ള ഓപ്പൺ വേക്കൻസിയിലേക്ക് സ്ഥലംമാറ്റം ചെയ്യുന്നതുമായിരിക്കും.

5. ഏതെങ്കിലും ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാർ പ്രൊവിഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എങ്കിൽ ആ വിവരം 10/11/2022 വൈകുന്നേരം 3 മണിക്ക് മുമ്പായി ഇ-മെയിൽ ചെയ്യേണ്ടതാണ്. പഠിച്ച കോഴ്സിൽ അല്ലാതെ തുടരുന്ന ഏതെങ്കിലും ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാർ നിലവിലെ പൊതുസ്ഥലംമാറ്റ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എങ്കിൽ വിവരം ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ vhsetransfer2022@gmail.com എന്ന ഇ-മെയിൽ അഡ്രസ്സിൽ അറിയിക്കേണ്ടതാണ്.

6. അനുകമ്പാർഹ സ്ഥലംമാറ്റം, മുൻഗണനാ സ്ഥലംമാറ്റം, Home Station & Other Station, Thrown out എന്നീ ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് അവർ പഠിച്ച കോഴ്സിൽ തന്നെയാണ് സ്ഥലംമാറ്റം നടത്തിയിട്ടുള്ളത്. ടി ലിസ്റ്റുകളിൽ പഠിച്ച കോഴ്സുകളിൽ അല്ലാതെ ആർക്കെങ്കിലും സ്ഥലംമാറ്റം ലഭിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ഇ-മെയിൽ ചെയ്യേണ്ടതാണ്.

7. പഠിച്ച കോഴ്സിൽ ഉൾപ്പെടുത്താൻ കഴിയാതെ Excess ആയി വന്ന ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരെ Thrown out (Group wise - Revised) ലിസ്റ്റിൽ അതാത് ഗ്രൂപ്പിലെ ഒഴിവുകളിൽ സ്ഥലംമാറ്റം നടത്തിയിട്ടുണ്ട്. അടുത്ത പൊതുസ്ഥലംമാറ്റത്തിൽ ടി തസ്തികകൾ എല്ലാം ഓപ്പൺ വേക്കൻസികൾ ആയിരിക്കും.

8. 60% - ൽ കൂടുതൽ അംഗപരിമിതർ ആയവരെ അവരുടെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം നൽകുകയോ അതേ സ്കൂളിൽ നിലനിർത്തുകയോ ചെയ്തിട്ടുണ്ട്.

9. ഈ പ്രൊവിഷണൽ (റിവൈസ്ഡ്) ലിസ്റ്റിനെ സംബന്ധിച്ച് പരാതിയുള്ള പക്ഷം vhsetransfer2022@gmail.com എന്ന ഇ-മെയിൽ അഡ്രസ്സിൽ സ്കൂളിന്റെ ഔദ്യോഗിക ഇ-മെയിൽ വഴി 10/11/2022 വൈകുന്നേരം 3 മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. പരാതി സമർപ്പിക്കുന്ന ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാർ പേര്, തസ്തിക, School Code, Teacher ID, PEN എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. കരട് ലിസ്റ്റിലെ പരാതികൾ പരിഹരിച്ച് അന്തിമസ്ഥലംമാറ്റ പട്ടിക പിന്നീട് പ്രസിദ്ധീകരിക്കുന്നതായിരിക്കും.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

പകർപ്പ്:-

1. എല്ലാ ഗവൺമെന്റ് സ്കൂൾ പ്രിൻസിപ്പാൾമാർക്കും.
2. എല്ലാ മേഖല അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
3. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

*RR*